റൽ യാങ് ഷാങ് കനിനം. അങ്ങനെ, ചൈനീസ് ഭരണകൂടത്തിൽ നിർണായകശക്തിയായ സൈന്യത്തിന്റെമേൽ ദെങ് സ്യാവോപിങ്ങിനു് പൂർണ നിയന്ത്രണമുണ്ട്.

കമ്മ്യൂണിസത്തിന്റെ ചട്ടക്കൂടിനകത്തു് ഉല്പാദനരംഗത്തു് സ്വകാര്യ—ഉടമയും ഭരണരംഗത്തു് ജനാധിപത്യവും പ്രോത്സാഹിപ്പിക്കുന്ന ദെങ്, ലോകമുതലാളിത്തത്തോട് സമാധാനപരമായ മത്സരമാണു് കാംക്ഷിക്കുന്നതു്. സർക്കാർ ഉടമയിലുള്ള വ്യവസായങ്ങളിൽ ഫാക്ടറി മാനേജർമാർക്കു് കൂടുതൽ സ്വാതന്ത്ര്യം നൽകാനും കേന്ദ്രനിയന്ത്രണം കഴിയുന്നത്ര കുറയ്ക്കാനും അദ്ദേഹം ആഗ്രഹിക്കുന്നു. മാർക്കററ് ശക്തികളുടെ കടിഞ്ഞാൺ അയച്ചുവിടുന്നതു നിമിത്തം, സാധനവില, വിതരണസമ്പ്രദായം എന്നിവയിൽ ഗണ്യമായ മാററം ഉണ്ടാകുമെന്നും ഇതെല്ലാം ചേർന്നു് ചൈനയെ ഒരു ആധുനിക—വ്യവസായവത്കൃത—സമ്പന്നരാഷ്ട്രമാക്കുമെന്നുമാണു് ദെങ്ങിന്റെ പക്ഷം. മാവോവിന്റെ സങ്കല്പത്തിലുണ്ടായിരുന്ന കമ്യൂണിസത്തിൽനിന്നു് എത്രയോ വ്യത്യസ്തമാണു് ദെങ് സങ്കല്പിക്കുന്ന ചൈനീസ് കമ്യൂണിസം.

ദെങ്, ലിപെങ്, സാവോസിയാങ് എന്ന മൂന്നു നേതാക്കളാണു് ഇപ്പോൾ മുഖ്യമായും ചൈനയുടെ ഭാഗധേയം നിയന്ത്രിക്കുന്നതു്.

(3 മേയ്, 1988)

# 8. പാകിസ്ഥാൻ സിയ-ഉൽ-ഹക്കിനു ശേഷം

പാകിസ്ഥാന്റെ ഏതാണ്ടു് മദ്ധ്യഭാഗത്തു്, ഇന്ത്യൻ അതിർത്തിക്കടുത്തുള്ള ബഹാവൽപൂർ എന്ന സൈനിക കേന്ദ്രത്തിൽനിന്നു്, 1988 ആഗസ്റ്റ് 17–ാം തീയതി വിമാനത്തിൽ തലസ്ഥാനമായ ഇസ്ലാമാബാദിലേക്കു യാത്രചെയ്യാൻ പറന്നുയരവേ, വിമാനം തകർന്നു നിലത്തുവീണു് കത്തിപ്പോയതിനാൽ, പതിനൊന്നു വർഷമായി പാകിസ്ഥാനിൽ സൈനിക സർവാധിപതിയായിരുന്ന സിയാ ഉൽ ഹക്ക് മരിച്ചുപോയി. സിയയോടൊപ്പം മരിച്ച ഇരുപത്തൊൻപതു പേരിൽ, പാകിസ്ഥാനിലെ അമേരിക്കൻ അംബാസഡറും മിലിട്ടറി അററാഷേയും, പാകിസ്ഥാൻ സേനാധിപതിയും ആ സേനയിലെ മൂന്നു് മേജർ ജനറൽമാരും അഞ്ചു ബ്രിഗേഡിയർമാരും ഉൾപ്പെട്ടിരുന്നു. ബഹാവൽപൂരിൽ അമേരിക്കൻ ടാങ്കുകളുടെ പ്രകടനം കാണാൻ പോയതാണത്രെ ഇവരെല്ലാം. ഇന്ത്യയുടെ അതിർത്തിയിൽ ഈ സൈനിക പ്രമാണികളെല്ലാംകൂടി എന്തുചെയ്യുകയായിരുന്നു എന്നതു്, അവർ യാത്രചെയ്തിരുന്ന വിമാനം എങ്ങനെ തകർന്നു എന്നതുപോലെതന്നെ, ഒരു രഹസ്യമായി ഇപ്പോഴും അവശേഷിക്കുന്നു.

വിമാനം തകർന്നു നാലു മണിക്കൂറിനു ശേഷമേ സിയായുടെ മരണത്തെപ്പററിയുള്ള വിവരങ്ങൾ പാകിസ്ഥാൻ സർക്കാർ പുറത്തുവിട്ടുള്ളു. ഇതിനിടെ, പാകിസ്ഥാനിലെ നാലു സംസ്ഥാനങ്ങളിൽ മൂന്നെണ്ണത്തിലെ (പഞ്ചാബ്, അതിർത്തി സംസ്ഥാനം, ബലൂചിസ്ഥാൻ) ആക്ടിങ് ചീഫ് മിനിസ്റ്റർമാരും (ഇവരെയെല്ലാം സിയാ നിയമിച്ചതായിരുന്നു) കേന്ദ്രഗവണ്മെൻറിലെ ഏതാനും മന്ത്രിമാരും, മരിക്കാതെ അവശേഷിച്ച സൈനിക നേതാക്കളിൽ ചിലരും ചേർന്നു് കൂടിയാലോചിച്ച്, പാകിസ്ഥാനിലെ 'സെനററ്' എന്ന ഉപരിസഭയുടെ ചെയർമാനായിരുന്ന, എഴുപത്തിമൂന്നു വയസ്സു പ്രായമുള്ള, ഗുലാം ഇസഹാക് ഖാൻ എന്ന മുൻ സർക്കാർ ഉദ്യോഗസ്ഥനെ ആക്ടിങ് പ്രസിഡണ്ടായി വാഴിച്ചു. മരണത്തിനു മുമ്പ് സിയ ഉൽ ഹക്ക് പ്രഖ്യാപിച്ചിരുന്നതുപോലെ, 1988 നവംബർ 16–ാം തീയതി പാകിസ്ഥാനിൽ പൊതുതെരഞ്ഞെ

ടുപ്പ് നടത്തി ജനാധിപത്യം പുനഃസ്ഥാപിക്കുമെന്നും അതുവരെ തന്റെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവൺമെന്റും ഇപ്പോൾ നിലവിലുള്ള സംസ്ഥാന ഗവൺമെന്റുകളും തുടരുമെന്നും പട്ടാളം തിരഞ്ഞെടുപ്പിൽ ഇടപെടുകയോ ഭരണത്തിൽ കൈകടത്തുകയോ ഇല്ലെന്നും ആക്ടിങ് പ്രസിഡണ്ട് ഖാൻ പ്രഖ്യാപിച്ചു. രാഷ്ട്രീയപ്പാർട്ടികൾ തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിന് 1986മുതൽ നിലവിലുള്ള പാകിസ്ഥാൻ ഭരണഘടന എതിരാണ്. അടുത്ത തെരഞ്ഞെടുപ്പിൽ പാർട്ടികൾക്ക് സ്ഥാനാർത്ഥികളെ നിർത്താമോ എന്ന കാര്യം പാകിസ്ഥാൻ സുപ്രീം കോർട്ടിന്റെ പരിഗണനയിലിരിക്കുകയുമാണ്. ഈ വിഷയത്തിൽ സുപ്രീം കോർട്ടിന്റെ വിധി താൻ അനുസരിക്കുമെന്ന് ഖാൻ പറഞ്ഞു. രാഷ്ട്രീയകാര്യങ്ങളിൽനിന്ന് പാകിസ്ഥാൻ പട്ടാളം അകന്നുനില്ക്കുമെന്ന്, പുതുതായി സേനാധിപതിയായി (ചീഫ് ഓഫ് ദി ആർമി സ്റ്റാഫ്) നിയമിക്കപ്പെട്ട ജനറൽ മിർസാ അസ്‌ലാം ബേഗും പ്രഖ്യാപിച്ചു.

സിയാ ഉൽ ഹക്ക് തൂക്കിക്കൊന്ന മുൻ പ്രധാനമന്ത്രി ഭൂട്ടോ സ്ഥാപിച്ച 'പാകിസ്ഥാൻ പീപ്പിൾസ് പാർട്ടി' (പി. പി. പി.) ആണ് ഇപ്പോൾ പാകിസ്ഥാനിൽ കൂടുതൽ ജനപിന്തുണയുള്ള രാഷ്ട്രീയ കക്ഷി. ഭൂട്ടോവിന്റെ മകൾ ബേനസീർ ആണ് ഈ പാർട്ടിയുടെ നേതാവ്.

1973–ൽ നടപ്പിൽ വരുത്തിയ(പിന്നീട് 1986–ൽ ഇതു ഭേദഗതിചെയ്തു.) ഭരണഘടനപ്രകാരം 1985 ഫെബ്രുവരിയിൽ നടത്തിയ പൊതുതിരഞ്ഞെടുപ്പിനുശേഷം, മുഹമ്മദ്ഖാൻ ജുനേജോ പ്രധാനമന്ത്രിയായി ഒരു മന്ത്രിസഭ പാകിസ്ഥാനിൽ പ്രവർത്തിച്ചിരുന്നു. ജുനേജോയുടെ നേതൃത്വത്തിൽ ഒരു മുസ്ലിം ലീഗ് പാർട്ടിയും നിലവിൽവന്നിരുന്നു. മരണത്തിന് ഏതാനും ദിവസങ്ങൾമുമ്പ് സിയാ ഉൽ ഹക്ക് അഴിമതിയും പിടിപ്പുകേടും ആരോപിച്ച് ജുനേജോയുടെ മന്ത്രിസഭ പിരിച്ചുവിട്ടു. മുസ്ലിംലീഗ് ഇപ്പോൾ രണ്ടായി പിളർന്നിട്ടുണ്ട്. ഒരു വിഭാഗത്തിന്റെ നേതൃത്വം ജുനേജോവിനുതന്നെ; മറ്റേ വിഭാഗത്തിന്റെ നേതൃത്വം സിയാ അനുകൂലികളായ പഞ്ചാബിലെയും അതിർത്തി സംസ്ഥാനത്തിലെയും ബലൂചിസ്ഥാനിലെയും ആക്ടിങ് പ്രധാനമന്ത്രിമാർ സംയുക്തമായി വഹിക്കുന്നു. ഇങ്ങനെ മൂന്നു രാഷ്ട്രീയപ്പാർട്ടികൾ ഇപ്പോൾ പാകിസ്ഥാനിലുണ്ട്, പട്ടാളഭരണത്തിനു കീഴിലായിരുന്നിട്ടും പ്രധാനമന്ത്രിയെന്ന നിലയിൽ താൻ കൈവരിച്ച നേട്ടങ്ങളുടെ പേരിൽ പ്രചാരവേല നടത്തി അടുത്ത തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം സമ്പാദിക്കാനാണ് ജുനേജോവിന്റെ ശ്രമം. സിയായെ എതിർക്കുക എന്നതായിരുന്നു ബേനസീർ ഭൂട്ടോ നേതൃത്വം വഹിക്കുന്ന പി. പി. പി.യുടെ ഏക പരിപാടി. ജനങ്ങൾ നേരിട്ടു തിരഞ്ഞെടുക്കുന്ന പ്രധാനമന്ത്രിക്ക് ശരിയായ അധികാരം കൈവരുമാറ് 1973–ലെ ഭരണഘടന പുനഃസ്ഥാപിക്കുക എന്നതാണ് ഇപ്പോൾ പി. പി. പി. മുഖ്യലക്ഷ്യമായി മുന്നോട്ടുവെക്കുന്നത്. ഇന്ത്യയോടുള്ള വിരോധം, അഫ്ഘാനിസ്ഥാനിലെ ലഹളക്കാരോടുള്ള അനുഭാവം, അമേരിക്കയിലുള്ള അതിരുകവിഞ്ഞ ആശ്രയം എന്നീ കാര്യങ്ങളിൽ രണ്ടു ലീഗുകളും പി. പി. പി.യും തമ്മിൽ വലിയ അഭിപ്രായവ്യത്യാസമുള്ളതായി തോന്നുന്നില്ല. ഗർഭിണിയാകയാൽ ബേനസീറിന് തിരഞ്ഞെടുപ്പു പ്രചാരണത്തിൽ വലിയ പങ്കു വഹിക്കാൻ കഴിയുമോ എന്നും സംശയിക്കപ്പെടുന്നുണ്ട്. ജമായത്തേ ഇസ്‌ലാമി ആണ് പാകിസ്ഥാനിൽ കുറെയൊക്കെ ജനപിന്തുണയുള്ള നാലാമത്തെ കക്ഷി.

മതത്തിന്റെ പേരിൽ ഇന്ത്യ വിഭജിച്ചതിനെത്തുടർന്ന് 1947 ആഗസ്റ്റ് 14–ാം തീയതിയാണ് പാകിസ്ഥാൻ നിലവിൽ വന്നത്. മതനിരപേക്ഷമായ ഒരു ജനാധിപത്യമായിരിക്കും പാകിസ്ഥാൻ എന്ന് അതിന്റെ സ്ഥാപകനായ മുഹമ്മദലി ജിന്ന പ്രഖ്യാപിച്ചിരുന്നു. പക്ഷേ, ഏറെക്കാലം മതനിരപേക്ഷമോ ജനാധിപത്യമോ ആയി പുലരാൻ പാകിസ്ഥാന് യോഗമുണ്ടായില്ല. 1948 സെപ്റ്റംബർ 11–ാം തീയതി ജിന്ന മരിച്ചു. 1956 മാർച്ചിൽ പാകി

സ്ഥാൻ ഒരു ഇസ്ലാമിക റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ടു. 1958 ഒക്ടോബറിൽ പ്രസിഡണ്ട് ഇസ്കന്ദർ മിർസ പാകിസ്ഥാനിൽ പട്ടാളനിയമം പ്രഖ്യാപിക്കുകയും ചെയ്തു. നാല്പത്തൊന്നു വർഷം നീണ്ട ചരിത്രത്തിൽ, ഇരുപത്തെട്ടു വർഷങ്ങളിലും പാകിസ്ഥാനിൽ പട്ടാളഭരണമായിരുന്നു. 1977 ജൂലൈയിലാണ് അന്ന് പാകിസ്ഥാൻ സേനയുടെ അധിപതിയായിരുന്ന സിയാ ഉൽ ഹക്ക് പട്ടാളനിയമം പ്രഖ്യാപിച്ചതും പ്രസിഡണ്ടായിരുന്ന ഫസൽ ഏലാഹി ചൗധുരിയിൽനിന്ന് അധികാരം പിടിച്ചെടുത്തതും. പിന്നീട് പതിനൊന്നു വർഷത്തേക്ക് പാകിസ്ഥാനിൽ സിയയുടെ സ്വേച്ഛാഭരണമായിരുന്നു. 1986–ലെ ഭരണഘടനാ ഭേദഗതി നിയമപ്രകാരം പാകിസ്ഥാനിൽ നിലവിലുള്ള (ബ്രിട്ടീഷുകാർ ഏർപ്പെടുത്തിയ) നിയമങ്ങൾ മാററി; ഇസ്ലാമിക നിയമങ്ങൾ നടപ്പിൽ വരുത്തി. ഇതിനു മുമ്പ്, 1984–ൽ നടത്തിയ ഒരു ജനഹിതപരിശോധനയിൽ, സിയാ 19:9വരെ പ്രസിഡണ്ടായി തുടരണമെന്ന് 98 ശതമാനം വോട്ടർമാരും ആവശ്യപ്പെട്ടുവത്രെ.

പാകിസ്ഥാനിൽ ഇപ്പോഴും നിലവിലുള്ളത് പട്ടാളനിയമമാണ്. വേണമെങ്കിൽ പട്ടാളത്തിന് ആക്ടിംഗ് പ്രസിഡണ്ട് ഇസഹാഖ്ഖാൻെറയും സംസ്ഥാനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ടവരല്ലാത്ത (പ്രസിഡണ്ട് സിയയാൽ നിയമിക്കപ്പെട്ട) ആക്ടിങ്ങ് മുഖ്യമന്ത്രിമാരുടെയും മറയിൽ ഇന്നത്തെപ്പോലെ അധികാരം പുലർത്താം. ഇവർ ഒരു അസൗകര്യമാണെന്നു തോന്നുന്ന പക്ഷം പട്ടാളത്തിന് ഇവരെ തട്ടിമാററി നേരിട്ട് അധികാരം കൈയിലെടുക്കുകയുമാവാം. ഇതിന് ഇപ്പോഴുള്ള ഒരു മുഖ്യ പ്രയാസം വിമാനാപകടത്തിൽ സിയായോടൊപ്പം പാക് സേനയിലെ തലമൂത്ത ഉദ്യോഗസ്ഥന്മാരിൽ മിക്കവരും മരിച്ചുപോയി എന്നതാണ്. അവരുടെ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ട താരതമ്യേന പ്രായവും ഭരണപരിചയവും കുറഞ്ഞ സൈനികാധികാരികളിൽനിന്ന് സിയായെപ്പോലെ കരുത്തനും സമ്മതനുമായ ഒരു നേതാവ് ഉയർന്നുവരുമോ എന്ന് കണ്ടുതന്നെ അറിയണം.

ഇപ്പോഴത്തെ ഭരണസംവിധാനത്തിന് കീഴിൽ പാകിസ്ഥാനിൽ പാർട്ടികൾക്കും പാർട്ടികൾ നിശ്ചയിക്കുന്ന സ്ഥാനാർത്ഥികൾക്കും സ്വതന്ത്രമായി തെരഞ്ഞെടുപ്പു പ്രചാരവേല നടത്തുവാൻ കഴിയുമോ? വോട്ടെടുപ്പിൽ നിർബന്ധപ്രയോഗവും അക്രമങ്ങളും അഴിമതികളും ഒഴിവാക്കപ്പെടുമോ? തെരഞ്ഞെടുപ്പിനുശേഷം ജനഹിതം പ്രതിഫലിപ്പിക്കുന്ന ഒരു സർക്കാർ നിലവിൽ വരുമോ? ദീർഘകാലമായി ഒരു പട്ടാള ഏകാധിപത്യത്തിനുകീഴിൽ പുലർന്നു വരുന്ന ഒരു ജനതയുടെ പ്രതികരണങ്ങൾ എങ്ങനെയായിരിക്കും? പട്ടാളമേധാവികളും മതമൗലികവാദികളും തമ്മിൽ അവിശുദ്ധമായ ഒരു കൂട്ടുകെട്ട് ഇപ്പോൾ തന്നെ പാകിസ്ഥാനിൽ നിലവിലുണ്ട്. ഈ കൂട്ടുകെട്ടിലെ രണ്ടു പങ്കാളികളിൽ ഇറാനിലെന്നപോലെ മതമൗലികവാദികൾ കൂടുതൽ കരുത്താർജിച്ചു മുന്നിലേക്കു വരുമോ? ഒന്നും പറഞ്ഞുകൂടാ.

ഇന്ത്യയുടെ ഒരു ഭാഗമായിരുന്നെങ്കിലും പാകിസ്ഥാൻ പല കാര്യങ്ങളിലും ഇന്ത്യയിൽനിന്ന് വ്യത്യസ്തമാണ്. സോവിയററ് റഷ്യക്ക് (ഒരുപക്ഷേ, ഇന്ത്യക്കും) എതിരേ പാകിസ്ഥാനെ ശക്തിപ്പെടുത്തുന്നതിന് ഉദാരമായ സൈനിക സഹായവും സാമ്പത്തികസഹായവും അമേരിക്ക നിരന്തരം നൽകിപ്പോന്നിട്ടുണ്ട്. ഒരു ഇസ്ലാമിക സ്റ്റേററാണ് പാകിസ്ഥാൻ എന്ന ധാരണ, മധ്യപൗരസ്ത്യ പ്രദേശത്തുനിന്ന് വളരെയധികം എണ്ണപ്പണം പലവിധത്തിൽ പാകിസ്ഥാനിൽ ഒഴുകിയെത്തുന്നതിനു കാരണമായിട്ടുണ്ട്. അതിനാൽ ഇന്ത്യയെ അപേക്ഷിച്ച് പ്രഥമദൃഷ്ടിയിൽ എത്രയോ സമ്പന്നമാണ് പാകിസ്ഥാൻ. കറാച്ചിയിൽനിന്ന് എം. വി. നക്വി എന്ന ലേഖകൻ ഈയിടെ 'ഡെക്കാൻ ഹെറാൾഡ്'' പത്രത്തിലെഴുതി:

'ജനറൽ സിയാ രണ്ടു പാകിസ്ഥാനുകളെ ഇവിടെ വിട്ടുപോയി. ഒരു പാകിസ്ഥാനിൽ പദവിയും ധാരാളം പണവും പ്രത്യേകാവകാശങ്ങളുമുള്ള ജന

ഗൃഹീതർ ആണ്' ഉള്ളത്'. ഇവരിൽ ജന്മിപ്രഭുക്കളും, സംശയിക്കേണ്ട ധനാഗമ മാർഗങ്ങളുള്ള പുത്തൻ പണക്കാരും അടങ്ങുന്നു. പട്ടാളത്തിൽനിന്നും ഗവൺമെൻറിൽനിന്നും ഈയിടെ റിട്ടയർചെയ്ത ഉദ്യോഗസ്ഥന്മാരും ഈ വിഭാഗത്തിൽപ്പെടുന്നു. മറ്റേ പാകിസ്ഥാനിലുള്ളത്' അറിയാവുന്ന, പരിമിതമായ വരുമാനം മാത്രമുള്ള സാധാരണക്കാരും നിയമാനുസൃത ധനാഗമമാർഗങ്ങൾ മാത്രമുള്ള പഴയ ചില പ്രമാണിമാരുമത്രെ പ്രത്യേകാവകാശങ്ങൾ ഇല്ലാത്തവരോ കുറച്ചുമാത്രം ഉള്ളവരോ ആയ ഇവർ മറ്റൊരു ലോകംതന്നെയാണ്'. ഇവർ പ്രായേണ ഗവണ്മെൻറിന്റെ എതിർ പാർട്ടികളെ പിന്താങ്ങുന്നു. പട്ടാളബലവും പണവും ഉപയോഗിച്ച്' എതിരാളികളെ അമർച്ചചെയ്യുന്ന പുതിയ രാഷ്ട്രതന്ത്രത്തിനു മുമ്പിൽ ഇവർ ഭയന്നുവിറച്ചു നിലകൊള്ളുകയാണ്'. ഇതാണ്' പാകിസ്ഥാനിലെ അടിസ്ഥാനപരമായ വിഭജനം. എന്നത്തേയുംപോലെ അഗാധവും ആപൽകരവുമത്രെ ഈ വിടവ്'.'

ചരിത്രത്തിന്റെ ഒരു നാൽക്കൂട്ടപെരുവഴിയിലാണ്' ഇപ്പോൾ പാകിസ്ഥാൻ. ആ രാജ്യത്ത്' മേലിലും പട്ടാളത്തിന്റെ അധികാരം തുടരുമോ? അമേരിക്ക നൽകിയ വിപുലമായ ആയുധശേഖരം അവർ എങ്ങനെ ഉപയോഗപ്പെടുത്തും? സ്വയം നേടിയ അണു–ആയുധ നിർമാണക്കരുത്ത്' ഏതു വഴിക്ക്' അവർ തിരിച്ചുവിടും? ജനാധിപത്യം വീണ്ടും പാകിസ്ഥാനിൽ സ്ഥാപിക്കപ്പെടുമോ? സ്ഥാപിക്കപ്പെട്ടാൽ അധികാരം നിലനിർത്താൻവേണ്ടി അവിടത്തെ ജനനേതാക്കൾ സ്വന്തം ജനങ്ങളെ മതത്തിന്റെ പേരിൽ ഇന്ത്യയ്ക്കെതിരെ അണിനിരത്തുന്ന പഴയ അടവ്' കൈവിടുമോ? (ഇപ്പോൾത്തന്നെ ബേനസീർ ഭൂട്ടോ സിയാക്കെതിരെ നടത്തുന്ന ആരോപണങ്ങളിലൊന്ന്' സിയാച്ചെൻ ഹിമാനിപ്രദേശം ഇന്ത്യയ്ക്ക്' സിയാ വിട്ടുകൊടുത്തുവെന്നാണ്'.) കാശ്മീർ പ്രശ്നത്തിൽ ഇന്ത്യയുമായി ഒരു ഒത്തുതീർപ്പുണ്ടാക്കി, ഈ വൻകരയിൽ ശാശ്വതമായ സമാധാനം സ്ഥാപിക്കുന്നതിനുള്ള വിവേകം പാകിസ്ഥാന്റെ പുതിയ നേതാക്കൾക്കു കൈവരുമോ?

ഇന്ത്യയുടെ ചരിത്രം പാകിസ്ഥാനിലെ സംഭവവികാസങ്ങളുമായി ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ പാകിസ്ഥാനിൽ എന്തു നടക്കുന്നു എന്ന്' നാം ഉറ്റുനോക്കേണ്ടതുണ്ട്'.

(9 സെപ്തംബർ, 1988)

# 9. പാകിസ്ഥാനിലെ ക്രിമിനൽ നിയമങ്ങൾ

മുസ്ലിങ്ങൾ ഒരു പ്രത്യേക രാഷ്ട്രമാണെന്നും അതിനാൽ അവർക്കുമാത്രമായി ഇന്ത്യയിലെ മുസ്ലിം ഭൂരിപക്ഷപ്രദേശങ്ങൾ വേർതിരിച്ച്' ഒരു പുതിയ രാഷ്ട്രം സൃഷ്ടിക്കണമെന്നും മുസ്ലിംലീഗ്' വാദിച്ചതിന്' ബ്രിട്ടീഷ്' ഗവണ്മെൻറും കോൺഗ്രസ്' നേതാക്കളും വഴങ്ങിക്കൊടുത്തതിന്റെ ഫലമായിട്ടാണ്' ഇന്ത്യ വിഭജിക്കപ്പെട്ടതും, 'പാകിസ്ഥാൻ' എന്ന പുതിയ രാഷ്ട്രം പിറവിയെടുത്തതും. പക്ഷേ, പാകിസ്ഥാന്റെ രാഷ്ട്രപിതാവായി വാഴ്ത്തപ്പെടുന്ന മുഹമ്മദലിജിന്ന ആഗ്രഹിച്ചതു' പാകിസ്ഥാൻ ഒരു 'ഇസ്ലാമികരാഷ്ട്രം' ആകണമെന്നല്ല മറിച്ച്' ഒരു ആധുനിക–മത നിരപേക്ഷ–രാഷ്ട്രം ആകണമെന്നായിരുന്നു. അതായത്', പാകിസ്ഥാനിലെ ക്രിമിനൽ–സിവിൽ നിയമങ്ങൾ ആധുനികകാലത്തെ പാശ്ചാത്യ രാഷ്ട്രങ്ങളിലെ (ഇന്ത്യയിലെയും) നിയമസംഹിതയോട്' ഏറെക്കുറെ ഒത്തുപോകുന്നതാണ്' അഭിലഷണീയമെന്ന്' ജിന്ന കരുതുകയും അങ്ങനെ പറയുകയുംചെയ്തിരുന്നു.

ജിന്നയുടെ മരണത്തിനുശേഷം പാകിസ്ഥാൻ പല പട്ടാളസ്വേച്ഛാധിപ